## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *59 — 24.01.2018- ൽ മറുപടിക്ക്

### " ഇ-കൊമേഴ് സ് പോർട്ടൽ "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ശശി<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. ഡി.കെ. മുരളി | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സൂക്ഷ്മ -ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിനും സംരംഭങ്ങളുടെ വളർച്ചയ്ക്കുമായി എസ്. എം. ഇ. പോർട്ടൽ രൂപീകരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന എസ്. എം. ഇ. പോർട്ടലിലൂടെ ചെറുകിട വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ ഉൽപ്പന്നങ്ങളേയും സേവനങ്ങളേയും കുറിച്ച് പ്രചരിപ്പിക്കുവാൻ സാധിക്കുക വഴി ഇത്തരം സംരംഭങ്ങൾക്ക് ആഗോളതലത്തിലുള്ള വ്യവസായികൾ/ ബയറർ എന്നിവരുമായി ആശയ വിനിമയം നടത്തുവാനും സാധിക്കും. |
| ബി) | ഇത്തരം ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണികണ്ടെത്തുന്നതിന് ഇ-കൊമേഴ്സ് പോർട്ടൽ എപ്രകാരം സഹായകരമാകുമെന്ന് വ്യക്തമാക്കാമോ; | | |
| സി) | ഇതിനായി ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | പോർട്ടലിൽ പ്രവേശിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കാമോ ? | ഡി) | പോർട്ടൽ താഴെപ്പറയുംപ്രകാരമാണ് വിഭാവനം ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.<br>• സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട സ്ഥാപനങ്ങൾക്കായി വികസിപ്പിച്ചെടുക്കുന്ന എസ്.എം.ഇ പോർട്ടലിന്റെ ഹോം പേജിൽ പുതിയതായി വരുന്ന കമ്പനികൾക്ക് രജിസ്റ്റർ ചെയ്യാൻ അവസരം ഉണ്ടായിരിക്കുന്നതാണ്.<br>• ഒരു സ്ഥാപനം രജിസ്റ്റർ ചെയ്യാനുള്ള സംവിധാനത്തിലെത്തിയാൽ കമ്പനിയുടെ പേര്, മേൽവിലാസം, കോൺടാക്ട് നമ്പർ, |

| | | | |
|---|---|---|---|
| | | | ഉൽപ്പന്നത്തിന്റെ വിശദ വിവരം, ടേൺ ഓവർ എന്നിവ ചേർത്ത് രജിസ്റ്റർ ചെയ്യാൻ സാധിക്കും.<br>• ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേകം യൂസർ ഐഡിയും പാസ് വേഡും ലഭിക്കുന്നതായിരിക്കും.<br>• ഈ യൂസർ ഐഡിയും പാസ് വേഡും ഉപയോഗിച്ച് എസ്.എം.ഇ പോർട്ടലിലെ നിശ്ചിത സ്ഥലത്ത് അവരവരുടെ ഉൽപ്പന്നങ്ങളും ടെക്നോളജിയും മറ്റ് സേവനങ്ങളും പ്രദർശിപ്പിക്കുവാൻ അവസരം ഉണ്ടായിരിക്കും.<br>• ഇത് ലോകത്തിന്റെ നാനാഭാഗത്തുള്ള ആവശ്യക്കാർക്ക് നേരിൽ കണ്ട് അതത് കമ്പനിയുമായി ബിസിനസ്സ് ഡീലിംഗ് നടത്തുവാൻ സാധിക്കും. വാണിജ്യകാര്യങ്ങൾ നേരിട്ട് കമ്പനിയും ആവശ്യക്കാരനും തമ്മിൽ നടത്തേണ്ടതാണ്. |



**സെക്ഷൻ ഓഫീസർ**